നം. ICDS-B2-3846/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്( അനക്സ്)
സാമൂഹ്യനീതി ഭവൻ, പൂജപ്പുര
തിരുവനന്തപുരം. തീയതി ;12.10.2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ്- ഐസിഡിഎസ്- IRTC (Integrated Rural Technology Centre ) അങ്കണവാടി പ്രവർത്തകർക്കുള്ള ECCE പരിശീലന പരിപാടി- സംസ്ഥാന തല കോർ ഗ്രൂപ്പ് ട്രെയിനിംഗിന് ജീവനക്കാരെ നിയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന ; 1. 29.6.2017 ലെ സ.ഉ.( സാധാ) നം. 417/2017/സാനീവ
2. 5.10.2017 ന് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ചേർന്ന സംസ്ഥാനതല അക്കാദമിക് കമ്മിറ്റി യോഗ തീരുമാനം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിലെ പ്രവർത്തകർക്ക് ശൈശവ പൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകങ്ങളിന്മേൽ തുടർ പരിശീലനം നടത്തി ശാക്തീകരിയ്ക്കുക എന്ന ലക്ഷ്യത്തോടെ പാലക്കാട്, മുണ്ടൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻറഗ്രേറ്റഡ് റൂറൽ ടെക് നോളജി സെന്റർ ( IRTC) എന്ന സ്ഥാപനം മുഖേന പരിശീലന പരിപാടി നടത്തുന്നതിനായി സൂചന ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

സൂചന (2) പ്രകാരം 7.10.2017 മുതൽ 11.10.2017 വരെ ട്രെയിനിംഗ് മോഡ്യൂൾ തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല ഫാക്കൽറ്റി ഗ്രൂപ്പ് വർക്ക്ഷോപ്പ് പാലക്കാട് IRTC യിൽ പൂർത്തിയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന തല കോർഗ്രൂപ്പിന്റെ ( SCG) ട്രെയിനിംഗ് 17.10.2017 മുതൽ 21.10.2017 വരെ IRTC, പാലക്കാട് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. SCG ക്കാണ് അതത് ജില്ലകളിലെ BRG പരിശീലനത്തിന്റെ ചുമതല. SCG ട്രെയിനിംഗിൽ പങ്കെടുക്കേണ്ട സംസ്ഥാനതല കോർഗ്രൂപ്പംഗങ്ങളുടെ ലിസ്റ്റ് കത്തിനോടൊപ്പം ഉള്ളടക്കം

PDF processed with CutePDF evaluation edition www.CutePDF.com

ചെയ്യുന്നു. ലിസ്റ്റിലുൾപ്പെട്ട എല്ലാ അംഗങ്ങളും **17.10.2017 മുതൽ 21.10.2017** വരെ പാലക്കാട് IRTC യിൽ നടക്കുന്ന SCG പരിശീലന പരിപാടിയിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

ട്രെയിനിംഗിനായി നിയോഗിക്കപ്പെട്ട അതത് ജില്ലകളിലെ SCG അംഗങ്ങളെ കൃത്യമായി ട്രെയിനിംഗിന് പങ്കെടുപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം അതത് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കാണ്. IRTC പാലക്കാട് ക്യാമ്പസിന്റെ അഡ്രസ്സ് ചുവടെ ചേർക്കുന്നു.

IRTC Main Campus, Mundoor
Mundoor P.O. Palakkad, Pin – 678592
Phone No. 0491-2832324, 2832663
Web site : www.irtc.org.in, e-mail- mail@irtc.org.in

വിശ്വസ്തതയോടെ

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ഉള്ളടക്കം
1. SCG ലിസ്റ്റ്
2. 19/8/2017 ലെ പരിപത്രം

പകർപ്പ്

1. ബന്ധപ്പെട്ട SCG അംഗങ്ങൾക്ക്
2. സ്റ്റോക്ക് ഫയൽ

TSS/-

# IRTC ( ECCE Training)

## SCG Members

### 1. District : Thiruvananthapuram

| Sl.No. | Name & Address | Phone No. |
|---|---|---|
| 1 | Anitha Deepthi,P.O.,TVM | 8281999017 |
| 2 | Sreelethakumari.R.(Rtd-HM) Peroorkada | 9048601616 |
| 3 | Jancy J Supervisor, Vellanadu addl | 9400934485 |
| 4 | Sheeba S.R, Supervisor, Vamanapuram Addl. | 9496551517 |
| 5 | Harikumar P | 8606581211 |

### 2. District : Kollam

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Geethakumari<br>PO, ICDS Cell, Kollam | 8281999018 |
| 2. | RaveendranPillai.S.<br>(Rtd. Principal, HSS) | 9446040502 |
| 3. | Sreeranjini CDPO Sasthamcotta | 8281999113 |
| 4 | Deepa S, Supervisor,Anchal addl | 994654005 |

### 3District : Pathanamthitta

| Sl.No. | Name & Address | Phone No. |
|---|---|---|
| 1 | Sheeba.L<br>District Social Justice Officer,<br>Pathanamthitta | 9447760885 |
| 2 | Nisha Nair, CDPO,Parakkode | 9447961923 |
| 3 | Sony S, Supervisor,<br>ICDS Elanthoor | 9037034559 |
| 4 | Rejitha.R,Supervisor,<br>ICDS Koipram | 8593078422 |

**4.District : Alappuzha**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Minimol.T.V.<br>PO, Alappuzha | 8281999021 |
| 2. | Soya Sadanandan,CDPO Kanjikuzhi addl | 8281999139 |
| 3 | Rekha Lekshmi,Supervisor ,<br>ICDS Chengannoor | 9447575238 |
| 4 | Najila Nabeezath,Supervisor,<br>ICDS Ambalappuzha | 9895774093 |

**5.District : Kottayam**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Jebin Lolitha Sain<br>PO, Kottayam | 9846789239 |
| 2. | Sonia.V.S.<br>ICDS Supervisor, Vaikkom | 9995973240 |
| 3. | Vineetha.K.G.<br>ICDS Supervisor MadappallyAddl | 9961994708 |
| 4. | Deepthi.V.<br>ICDS Supervisor Vazhoor | 9497845324 |

**6.District : Idukki**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Ashamol.K.V. PO Idukky | 8281999023 |
| 2 | Pushparajan DSJO(Rtd),SJD | 9447194972 |
| 3 | Shijimol K S,ICDS Supervisor, ICDS<br>Adimali Addl. | 8075329115 |
| 4 | Teena Joy,Supervisor,<br>ICDS Azhutha, | 9446729967 |
| 5 | Aleena George,Supervisor,ICDS<br>Ilamdesham | 9447612729 |

**10.District : Malappuram**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Letha.C.R.<br>PO Malappuram | 8281999026 |
| 2. | Geethanjali<br>CDPO Malappuram Rural | 9495240958 |
| 3 | Mridula K, Supervisor, Vandoor | 8547818981 |
| 4 | Rejitha.T.<br>ICDS Supervisor,ThanoorAddl | 9847824345 |
| 5 | Greeshma Supervisor, Kuttippuram addl.ICDS | 9496623330 |

**11.District : Kozhikode**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Hafsath.T.<br>PO Kozhikode | 8281999028 |
| 2. | Smitha.T.U<br>CDPO<br>Balussery | 82819990312 |
| 3 | Shabnam, Supervisor, ICDS Thodannoor, | 8136948548 |
| 4 | Sheeja, Supervisor, Vadakara ICDS | 9496424983 |

**12.District : Wayanad**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Difna Dicruz, CDPO Bathery addl | 9447404209 |
| 2 | Bava.M.C.<br>Supervisor, Kalpetta (Addl) | 9747177963 |
| 3 | Sandhya.R.<br>Supervisor, Mananthavady | 9961651518 |
| 4 | Rajambika.O.S.<br>Supervisor, Panamaram (Addl) | 9497833208 |

### 7.District : Ernakulam

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Mayalekshmi.J. PO Ernakulam | 8606524766 |
| 2 | Dhanusha ,Supervisor,<br>Idappallli ICDS | 8891101223 |
| 3 | Nayanthara, Supervisor, Kothamangalam ICDS | 9746647763 |
| 4 | Seena,Supervisor,<br>Koovappadi ICDS | 9846735203 |

### 8.District :Palakkad

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Meera.P.<br>PO Palakkad | 8281999027 |
| 2 | Subha<br>CDPO, NenmaraAddl | 9495934317 |
| 3 | Jiji John, CDPO Mannarkkad | 9497313715 |
| 4 | Bindu ICDS Supervisor, Thrithala | 9495325177 |
| 5 | Limi Lal .T.M., Supervisor, ICDS<br>Ottappalam | 9895544352 |

### 9.District : Thrissur

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Chitralekha.K.K.<br>PO Thrissur | 8281999025 |
| 2. | Sreevidhya S. Marar<br>CDPO Cherp | 9961469061 |
| 3 | Neetha George, Supervisor,Chavakkad | 8547957498 |
| 4 | Sreevidhya C R<br>ICDS Supervisor,Chalakkury | 8547167448 |

**13.District : Kannur**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1. | Bindu.CA<br>PO Kannur | 9495672271 |
| 2 | Nisha Palathadathil<br>CDPO Iritty | 9400070630 |
| 3 | Leena K G, Supervisor, ICDS Thalasseri Addl | 9446378714 |
| 4 | Prasanna, Supervisor,Koothuparambu addl | 9447686987 |

**14.District : Kasargod**

| Sl.No. | Name & Address | Phone No. |
|---|---|---|
| 1 | Dena Bharathan,P.O.(I/C) Kasargod | 9446673447 |
| 2 | Dr.AnnDarley Varghese<br>CDPO ParappaAddl | 9496544280 |
| 3 | Karthyani, Supervisor Manjeswaram Addl ICDS | 9495894373 |
| 4 | Lethika Pathravalappil,<br>Supervisor,Neeleswaram addl. ICDS | 9745584905 |

നം:ICDS.B2-3846/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി : 19.8.2017

# പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICDS - Integrated Rural Technology Centre (IRTC) അങ്കണവാടി പ്രവർത്തകർക്ക് ECCE പരിശീലനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- സർക്കാർ ഉത്തരവ് (സാധാ)നം.417/2017/സാനീവ തീയതി.29/6/17.

ദേശീയ ശൈശവ പൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ നടന്നു വരികയാണ്. 2013-ൽ കേന്ദ്ര സർക്കാർ രൂപീകരിച്ച ദേശീയ ശൈശവ പൂർവ്വകാല വിദ്യാഭ്യാസ നയം പ്രാബല്യത്തിൽ വന്നു. ശിശു വിദ്യാഭ്യാസ പരിചരണ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായ സമന്വയത്തിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ദേശീയനയം രൂപീകരിച്ചത്.

കേരള സംസ്ഥാനം ശൈശവപൂർവ്വകാല വിദ്യാഭ്യാസം എന്ന മേഖലയിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. അങ്കണവാടികളിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം കളികളിലൂടെ രൂപകൽപ്പന ചെയ്യുന്നു. ശിശു ആർജിക്കേണ്ടതായ വികസന സൂചകങ്ങൾ ആശയങ്ങളിൽ നിന്നും പ്രവർത്തനങ്ങളിലേക്ക് എത്തുന്നു. മേൻമകൾ ഏറെയുള്ള ഈ തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിൽ ചില അപാകതകളും ആവശ്യങ്ങളും നിലനിൽക്കുന്നതായി കാണുന്നു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനത്തിന് വേണ്ടതായ തീംചാർട്ടുകൾ, അങ്കണവാടി പ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ കുട്ടികളുടെ ആർജ്ജിത വിദ്യാഭ്യാസ സൂചകങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമുള്ള വർക്ക് ബുക്ക്, അസ്സസ്സ്മെന്റ് കാർഡ് എന്നിവ വകുപ്പ് ചിട്ടപ്പെടുത്തി അങ്കണ വാടികളിൽ വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അങ്കണവാടി വർക്കർമാർക്ക് ECCE പാഠ്യ പദ്ധതിയെ അടിസ്ഥാനമാക്കി പ്രാഥമിക പരിശീലനം ലഭ്യമാക്കിയിട്ടുള്ളതുമാണ്. അങ്കണവാടികൾ മുഖേനയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് തുടർച്ചയായുള്ള മികച്ച പരിശീലനം നൽകേണ്ടതുണ്ട്.

കേരളത്തിലെ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിലെ അങ്കണവാടി പ്രവർത്തകർക്ക്/ടീച്ചർമാർക്ക് ശൈശവകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകങ്ങളും അതിൻമേലുള്ള വിദ്യാഭ്യാസഘടകങ്ങളെയും പരിചയപ്പെടുത്തി അവരെ ശാക്തീകരിക്കുക എന്ന പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. കേരളത്തിലെ വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്ന പാലക്കാട് കേന്ദ്രമായി

S //

പ്രവർത്തിക്കുന്ന 'ഇൻഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ' (IRTC) എന്ന ഗവേഷണ സ്ഥാപനം മുഖേന അങ്കണവാടി വർക്കർമാർക്ക് ECCEയെ അടിസ്ഥാനമാക്കിയുള്ള പരിശിലന പരിപാടി സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.

ടി പരിശീലന പരിപാടി 4 ഘട്ടങ്ങളിലായിട്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

1. സംസ്ഥാനതല ഫാക്കൽറ്റി ഗ്രൂപ്പ് പരിശീലനം (SFG)
2. സംസ്ഥാനതല കോർ ഗ്രൂപ്പ് പരിശീലനം (SCG)
3. ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പ് പരിശീലനം (BRG)
4. പഞ്ചായത്ത്/സെക്ടർ തല അങ്കണവാടി പ്രവർത്തകരുടെ പരിശീലനം

ഈ പരിശീലനപരിപാടിയുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. സംസ്ഥാനതല അക്കാദമിക് കമ്മിറ്റി:-** സാമൂഹ്യനീതി ഡയറക്ടർ കൺവീനറായി ഒരു അക്കാദമിക് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. പരിശീലന പരിപാടിയുടെ അക്കാദമിക് കാര്യങ്ങളും തീരുമാനമെടുക്കുന്നതും ടി പരിശീലനത്തിന്റെ മോണിറ്ററിംഗ് നടത്തുന്നതും ടി കമ്മിറ്റിയാണ്.

**2. സംസ്ഥാനതല ഫാക്കൽറ്റി ഗ്രൂപ്പ്:-** സംസ്ഥാനതലത്തിൽ ഒരു ഫാക്കൽറ്റി ഗ്രൂപ്പ് രൂപീകരിച്ച് ECCE പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട പരിശീലനമാന്വൽ, ഷെഡ്യൂൾ, വർക്ക്ഷീറ്റുകൾ, മോണിറ്ററിംഗ് സ്ട്രാറ്റജി എന്നിവ തയ്യാറാക്കുന്നു.

**3. സംസ്ഥാനതല കോർ ഗ്രൂപ്പ് രൂപീകരണവും പരിശീലനവും:- (SCG)**

ഒരു ജില്ലയിൽ നിന്നും 4-5 അംഗങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ സംസ്ഥാനതല കോർ ഗ്രൂപ്പിൽ (SCG) 50-60 വരെ അംഗങ്ങൾ ഉൾപ്പെടുന്നു. ICDS, DIET എന്നിവയിലെ ഉദ്യോഗസ്ഥർ, പരിശീലനപരിപാടി നടത്തുന്നതിന് താത്പര്യവും സമയം ചെലവഴിക്കാൻ സന്നദ്ധരായ വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ , മറ്റ് വിദഗ്ധർ എന്നിവരാണ് കോർ ഗ്രൂപ്പിലെ അംഗങ്ങൾ. ഒരു ജില്ലയിലെ അങ്കണവാടി വർക്കർമാരുടെ പരിശീലനത്തിന്റെ ചുമതല ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിലുള്ള SCG ക്കാണ് അങ്കണവാടികളിലെ പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് പരിശീലനപ്രവർത്തനങ്ങളുടെ feed back ലഭ്യമാക്കുക, അങ്കണവാടി വർക്കർമാർക്ക് പുറമേനിന്നുള്ള അക്കാദമിക് പിന്തുണ നൽകൽ, അങ്കണവാടികളിലെ പ്രവർത്തന വിലയിരുത്തൽ എന്നിവ SCG നടത്തുന്നു. മൂന്ന് ഘട്ടങ്ങളിലായി SCG അംഗങ്ങൾക്ക് IRTC യിൽ വച്ച് പരിശീലനം നൽകുന്നു.

**4. ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പ് രൂപീകരണവും പരിശീലനവും:-(BRG)**

AWWന് എല്ലാവിധ അക്കാദമിക് പിന്തുണയും നൽകി അങ്കണവാടി മുഖേന ഗുണമേന്മയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 258 ICDS പ്രോജക്ടുകളിലും 5-6

S //

അംഗങ്ങൾ ഉള്ള ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. വിരമിച്ച അധ്യാപകർ/ജീവനക്കാർ, BRC ട്രെയിനർമാർ, ബ്ലോക്ക് പരിധിയിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ വൈദഗ്ദ്ധ്യവും താൽപര്യമുള്ള വരും സ്വമേധയാ പരിശീലനത്തിൽ പങ്കെടുക്കാൻ തയ്യാറുള്ളവരും പോസിറ്റീവ് ആറ്റിറ്റ്യൂഡ് ഉള്ളവരും ആശയവിനിമയശേഷിയുള്ളവരുമായ ആളുകളെ BRGയിൽ ഉൾപ്പെടുത്തിയ വിശദാംശങ്ങൾ CDPOമാർ മുഖേന ഓരോ പ്രോജക്ടിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ആദ്യ ഘട്ടത്തിൽ ICDS ബ്ലോക്ക്തലത്തിൽ നിന്നും 3 പേർക്ക് വീതമായി സംസ്ഥാനത്തൊട്ടാകെ 800 BRG അംഗങ്ങൾക്ക് IRTCയിൽ വച്ച് പരിശീലനം നൽകുന്നു. ICDS പ്രോജക്ട് തലത്തിൽ അങ്കണവാടി വർക്കർമാർക്ക് പരിശീലനമുൾപ്പെടെയുള്ള അക്കാദമിക് പിന്തുണ നൽകുന്നതിന് BRG അംഗങ്ങൾ ക്ക് ആത്മവിശ്വാസവും കഴിവുമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി പരിശീലനം നൽകുന്നത്. ഒരു വർഷം 5 ദിവസങ്ങൾ വീതമുള്ള മൂന്ന് ഘട്ടങ്ങളിലായി ആകെ 15 ദിവസത്തെ BRG പരിശീലനമാണ് നൽകുന്നു.

BRG പരിശീലനത്തിന്റെ ആദ്യ ഘട്ടത്തിൽ പ്രീസ്കൂൾ ഉദ്ദേശ്യം, ശിശു സൗഹൃദമായ അങ്കണ വാടികൾ, ശിശു സൗഹൃദമായ ബോധനം,ശിശു സൗഹൃദമായ വിലയിരുത്തൽ മാർഗ്ഗങ്ങൾ, കമ്മ്യൂണി റ്റി മൊബിലൈസേഷൻ, തീം ചാർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 തീമുകളിൽ 6 തീമുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ട്രാറ്റജി എന്നിവ ഉൾപ്പെടുന്ന പരിശീലനം നൽകുന്നു. രണ്ടാം ഘട്ടത്തിൽ പഠന-കളി ഉപകരണങ്ങളുടെ നിർമ്മാണം, കുട്ടികൾക്ക് അങ്കണവാടി കേന്ദ്രത്തിൽ വിവിധ അനുഭവങ്ങൾ നൽകുന്നതരത്തിലുള്ള ആധുനിക ബോധന രീതികൾ, 12 തീമുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ട്രാറ്റജി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഘട്ടത്തിൽ ശിശു സൗഹൃദമായ വിലയിരുത്തൽ മാർഗ്ഗങ്ങൾ, സാമൂഹ്യഓഡിറ്റ്, ശേഷിക്കുന്ന 12 തീമുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ട്രാറ്റജി എന്നിവ ഉൾപ്പെടുത്തി പരിശീലനം നടത്തുന്നു.

**5. പഞ്ചായത്ത്തലത്തിൽ അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലന പരിപാടി**

ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പിന്റെ ഓരോ ഘട്ടത്തിലേയും പരിശീലന പരിപാടി പൂർത്തിയാക്കിയതിനു ശേഷം പഞ്ചായത്ത്/സെക്ടർ തലത്തിൽ അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലന പരിപാടി നടത്തുന്നു. അങ്കണവാടി പ്രവർത്തകർക്ക് പഞ്ചായത്ത്/സെക്ടർതലത്തിൽ പരിശീലനംനൽകുന്നതിനുള്ള ചുമതല ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പിനാണ്. ഒരു പഞ്ചായത്തിലെ സെക്ടറിലെ അങ്കണവാടി പ്രവർത്തകരെ പൂർണ്ണമായി ഉൾക്കൊള്ളിച്ച് ടി പരിശീലന പരിപാടി നടത്തുന്നു. 2 ഘട്ടങ്ങളിലായി 12 ദിവസത്തെ പരിശീലനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ 3 ദിവസത്തെ പ്രാരംഭ പരിശീലനവും തുടർന്ന് 9മാസങ്ങളിലായി ഓരോ ദിവസത്തെ പരിശീലന വുമാണ് നടത്തുന്നത്.

പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

സംസ്ഥാനത്തെ 33115 അങ്കണവാടി പ്രവർത്തകർക്ക് പഞ്ചായത്ത്/സെക്ടർ തലത്തിൽ 25 [illegible] അങ്കണവാടി പ്രവർത്തകരുൾപ്പെടുന്ന 1238 ബാച്ചുകളായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യം ഉപയോഗിച്ചാണ് പരിശീലനം നടത്തേണ്ടത്.

ടി പരിശീലന പരിപാടിയുടെ ഭാഗമായി ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫീസർമാർ ഉൾപ്പെടുന്ന സംസ്ഥാനതല കോർ ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ പരിശീലന ഷെഡ്യൂളും ഓരോ ജില്ലയിലെയും കോർ ഗ്രൂപ്പ് അംഗങ്ങളുടെ ലിസ്റ്റും പ്രോഗ്രാം ഓഫീസർമാർക്ക് ലഭ്യമാക്കുന്നതാണ്.

1) പരിശീലന ഷെഡ്യൂളിനനുസരിച്ച് ജില്ലയിലെ എല്ലാ അംഗങ്ങളെയും ടി പരിശീലന പരിപാടിയിൽ കൃത്യമായി പങ്കെടുപ്പിക്കുന്നതിനുള്ള ചുമതല പ്രോഗ്രാം ഓഫീസർമാർക്കാണ്. ടി അംഗങ്ങൾ ജില്ലയിലെ അങ്കണവാടികൾ സന്ദർശിച്ച് പ്രീസ്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് പരിശീലന പരിപാടിയുടെ ഫീഡ്ബാക്ക് നൽകേണ്ടതാണ്.

2) ബ്ലോക്ക്തല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലന പരിപാടി ഘട്ടംഘട്ടമായി IRTCയിൽ സംഘടിപ്പിക്കുന്നു. പരിശീലന ഷെഡ്യൂൾ എല്ലാ CDPOമാർക്കും ലഭ്യമാക്കുന്നതും ആയത് പ്രകാരം CDPOമാർ തങ്ങളുടെ പ്രോജക്ട് പ്രദേശത്തെ BRG അംഗങ്ങളെ പാലക്കാട് IRTCയിൽ നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

3) ഓരോ അങ്കണവാടി വർക്കർമാർക്ക് 12 ദിവസത്തെ പരിശീലനമാണ് BRG മുഖേന നൽകുന്നത്. ആദ്യഘട്ടത്തിലെ BRG പരിശീലനം പൂർത്തിയായാലുടൻ അങ്കണവാടി വർക്കർമാർക്ക് ആദ്യഘട്ടത്തിലെ 3 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്. BRGയുടെ അടുത്ത ഘട്ട പരിശീലനത്തെതുടർന്ന് അങ്കണവാടി വർക്കർമാർക്ക് ഓരോ ദിവസത്തെ പരിശീലനം വീതം നൽകേണ്ടതുമാണ്.

4) CDPOമാർ പഞ്ചായത്ത്/സെക്ടർ തലത്തിൽ പരിശീലന കലണ്ടർ തയ്യാറാക്കേണ്ടതും BRG അംഗങ്ങളെ സൗകര്യപ്രദമായ രീതിയിൽ നിയോഗിച്ച് പഞ്ചായത്ത്/സെക്ടർ തല പരിശീലനത്തിന് നിയോഗിക്കേണ്ടതുമാണ്.

5) പഞ്ചായത്ത്/സെക്ടർ തലത്തിൽ പരിശീലനം സംഘടിപ്പിക്കുന്നതിന്റെ ചുമതല ICDS സൂപ്പർവൈസർമാർക്ക് ആയിരിക്കും.

6) ICDS സൂപ്പർവൈസർമാർ പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതും പരിശീലനം നടത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യം ഉറപ്പാക്കുന്നത് ഉൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

S //

7) ഒരേ തീയതികളിൽ ഒന്നിലധികം പഞ്ചായത്ത്/സെക്ടറിൽ പരിശീലനം നടത്തേണ്ടി വരുമ്പോൾ BRG അംഗങ്ങൾ കൃത്യമായി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നു എന്നത് CDPOമാർ ഉറപ്പാക്കേണ്ടതാണ്.

8) ഓരോ ഘട്ടത്തിലും BRG പരിശീലന പരിപാടി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത്/സെക്ടർ തല അങ്കണവാടി പരിശീലനം നടത്തുന്നതിനായി അങ്കണവാടി വർക്കർമാരുടെ എണ്ണത്തിനാനുപാതികമായി അനുവദിക്കുന്ന തുക ഓരോ പഞ്ചായത്ത്/സെക്ടർതലത്തിൽ പരിശീലനത്തിനായി ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് വീതിച്ച് നൽകേണ്ടതും പരിശീലനം പൂർത്തിയാകുന്നതിന്റെ അടുത്ത ദിവസം തന്നെ സൂപ്പർവൈസർമാർ വൗച്ചറുകൾ ഉൾപ്പെടെ റിപ്പോർട്ട് CDPOക്ക് നൽകേണ്ടതുമാണ്.

ഈ പരിപത്രം CDPOമാർ എല്ലാ സൂപ്പർവൈസർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ടി വിവരം ജില്ലാ പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.